**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 536** **09-11-2021 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നിയന്ത്രണത്തിലുള്ള യൂത്ത് ക്ലബ്ബുകൾ നടത്തുന്ന പ്രവർത്തനങ്ങൾ പൊതു സമൂഹത്തിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത യൂത്ത് കേരള എക്സ്പ്രസ്സ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം ലക്ഷ്യമാക്കി സംസ്ഥാനാ ടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് യൂത്ത് കേരള എക്സ്പ്രസ്സ്. വിവിധ മേഖലകളിൽ ക്ലബ്ബുകൾ നടത്തുന്ന ഇടപെടലുകൾ കണ്ടെത്തി പൊതു സമൂഹത്തിന് മുന്നിൽ റിയാലിറ്റി ഷോയിലൂടെ അവതരിപ്പിക്കുക എന്നതാണ് ടി പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി ക്ലബ്ബുകൾ വിവിധ മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങൾ 5 മിനിട്ട് ദൈർഘ്യമുള്ള വീഡിയോകളാക്കി ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന സമർപ്പിക്കുവാൻ പത്രങ്ങൾ മുഖേനയും ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേനയും പ്രചരണം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ ക്ലബ്ബുകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ നിന്നും വിദഗ്ധ സമിതി 100 ക്ലബ്ബുകളെ തെരെഞ്ഞെടുക്കുകയും ചെയ്തു. തെരെഞ്ഞെടുത്ത 100 ക്ലബ്ബുകളിൽ നിന്നുള്ള പ്രതിനിധികൾക്ക് സോണൽ തലത്തിൽ മത്സരിക്കുന്നതിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി ബ്രെയിൻ സ്റ്റോമിംഗ് സെഷൻ നടത്തുകയും ഗ്രാന്റ് ഫിനാലെ തിരുവനന്തപുരത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ വച്ച് നടത്തുകയും ചെയ്തു. |
| (ബി) | യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെ സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി ആരംഭിച്ച യുവശക്തി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | യൂത്ത് ക്ലബ്ബുകളെ സംഘടിപ്പിച്ച് സാമൂഹ്യ വികസന പ്രവർത്തനങ്ങൾ നടത്തുക, സന്നദ്ധപ്രവർത്തനങ്ങൾ നടത്തുക, യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ താഴെത്തട്ടിലെത്തിക്കുക, കേരളോത്സവം ഉൾപ്പെടെയുള്ള പരിപാടികളിൽ യുവജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പരിശ്രമിക്കുക, ഗ്രാമസഭകളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർ ബാങ്ക് ഉൾപ്പെടെയുള്ള വിവിധ തൊഴിൽ |

| | | | |
|---|---|---|---|
| | | | അധിഷ്ഠിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് യുവശക്തി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്ത നങ്ങൾ ജില്ലാതലങ്ങളിലും പ്രാദേശിക തലങ്ങളിലും സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിൽ യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. ഇവരിലൂടെയാണ് യുവശക്തി പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാതലങ്ങളിലാണ് നിലവിൽ യൂത്ത് കോ-ഓർഡിനേറ്റർമാർ പ്രവർത്തിച്ചു വരുന്നത്. |
| (സി) | സിവിൽ സർവ്വീസ് പോലുള്ള മത്സര പരീക്ഷകൾക്ക് മികച്ച വിജയം നേടുന്നതിന് യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ യുവജനക്ഷേമ ബോർഡ് നടത്താറുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, പി.എസ്.സി, ബാങ്കിംഗ് മേഖല, യു.പി.എസ്.സി, റെയിൽവെ, മറ്റ് സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയ മത്സര പരീക്ഷകൾക്ക് യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനുവേണ്ടി ഓൺലൈൻ & ഓഫ്ലൈൻ മത്സര പരീക്ഷാ പരിശീലന പരിപാടികൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ